**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

11.02.2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1153

## പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ്

ചോദ്യം
ശ്രീ. കെ.എൻ.എ. ഖാദർ

മറുപടി
ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സർക്കാർ പോളിടെക്നിക് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നൽകിയിരുന്നത് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്ന് വിശദമാക്കുമോ;

(എ) സർക്കാർ പോളിടെക്നിക്കുകളിലെ റഗുലർ കോഴ്സുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന ഫീസ് ഇളവ് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി അവുക്കാദർകുട്ടി നഹ സാഹിബ് മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നിഷേധിക്കുന്നതായി കാണിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഫീസ് ഇളവ് ആനുകൂല്യം ലഭിക്കാത്തതു കാരണം എത്ര വിദ്യാർത്ഥികൾ ഈ കോളേജിൽ നിന്ന് ട്രാൻസ്ഫർ വാങ്ങിയിട്ടുണ്ട്;

(ഡി) അർഹമായ ഫീസ് ആനുകൂല്യം ലഭിക്കാത്തത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ തുടർപഠനം ബുദ്ധിമുട്ടിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ വിഷയം അടിയന്തരമായി പരിശോധിച്ച് സർക്കാർ പോളിടെക്നിക് കോളേജുകളിലെ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് നൽകുമോ?

(ബി), (സി), (ഡി), & (ഇ) റഗുലർ ഡിപ്ലോമ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നിഷേധിക്കുന്നതായി പരാതി ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ ട്രാൻസ്ഫർ വാങ്ങിയതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സായാഹ്ന ഡിപ്ളോമാ കോഴ്സ് സ്വാശ്രയ രീതിയിലാണ് നടത്തപ്പെടുന്നത്. വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഫീസുപയോഗിച്ചാണ് ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ നിർവഹിച്ച് വരുന്നത്. സ്വാശ്രയ ഡിപ്ളോമാ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നല്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ